ഇലക്ഷൻ - അടിയന്തിരം

# മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറുടെ കാര്യാലയം
## കേരളം

നം: 872/ഇ.എ2/2021/ഇലക്ഷൻ

നിയമസഭാ കോംപ്ലെക്സ്,
ഫോൺ : 0471-2300121, 2307172
തിരുവനന്തപുരം-33. തീയതി : 24.03.2021

ചീഫ് ഇലക്ടറൽ ഓഫീസർ &
അഡീഷണൽ ചീഫ് സെക്രട്ടറി.

1) എല്ലാ ജില്ലാ കളക്ടർ & ജില്ലാ വരണാധികാരികൾക്കും.
2) എല്ലാ ആർ.ഒ / എ.ആർ.ഒ / ഇ.ആർ.ഒ-മാർക്കും.

സർ,

വിഷയം :- കേരള നിയമസഭയിലേയ്ക്കുള്ള തിരഞ്ഞെടുപ്പ്-2021 - തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പോളിംഗ് ഉദ്യോഗസ്ഥർക്കുള്ള വേതനം, ഭക്ഷണ അലവൻസ്സ് അനുവദിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ -സംബന്ധിച്ച്.

സൂചന:-1) 21.03.2021-ലെ സർക്കാർ ഉത്തരവ് (സാധാ) 189/2021/ഇലക്.
2) 21.03.2021-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി) 190/2021/ഇലക്.

സൂചന പ്രകാരം 2021-ലെ കേരള നിയമസഭയിലേയ്ക്കുള്ള പൊതുതിരഞ്ഞെടുപ്പുമായും, (06) മലപ്പുറം ലോക്സഭാ മണ്ഡലത്തിലേയ്ക്കുള്ള ഉപതിരഞ്ഞെടുപ്പുമായും ബന്ധപ്പെട്ട് തിരഞ്ഞെടുപ്പ് ജോലികളിൽ ഏർപ്പെടുന്ന ഉദ്യോഗസ്ഥർക്ക് പ്രതിഫലം നൽകുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രതിഫലം നൽകുന്നത് സംബന്ധിച്ച് താഴെ പറയുന്ന നിർദ്ദേശങ്ങൾ കൂടി പാലിക്കേണ്ടതാണ്.

1) Presiding Officer / Polling Officer-മാർക്ക് പരിശീലന ക്ലാസുകളിൽ പങ്കെടുക്കുന്നതിനുള്ള പ്രതിഫലം പരമാവധി ഒരു ദിവസത്തേതായി നിജപ്പെടുത്തേണ്ടതാണ്. പരിശീലന ക്ലാസുകളിൽ പങ്കെടുക്കുന്നതിന് ഭക്ഷണ അലവൻസിന് അർഹതയില്ല.

2) റിസർവ്വ് ഡ്യൂട്ടിയിലുള്ളതും, പരിശീലന ക്ലാസ്സിൽ പങ്കെടുത്തിട്ടുള്ളതുമായ ഉദ്യോഗസ്ഥർക്ക് ആയതിന്റെ പ്രതിഫലം, അന്നേ ദിവസം തന്നെ ഇലക്ഷൻ ഡ്യൂട്ടി പ്രതിഫലത്തോടൊപ്പം നൽകേണ്ടതാണ്.

3) പരിശീലന ക്ളാസുകളിൽ പങ്കെടുത്തവർ തിരഞ്ഞെടുപ്പ് ജോലികളിൽ നിന്ന് ഒഴിവാക്കപ്പെടുകയാണെങ്കിൽ പ്രതിഫലത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

4) സൂചന ഉത്തരവുകളിൽ പരാമർശിച്ചിട്ടില്ലാത്ത ഏതെങ്കിലും പ്രതിഫലം അനുവദിക്കേണ്ടതുണ്ടെങ്കിൽ ആയതിന് സർക്കാരിൽ നിന്നും അനുമതി വാങ്ങേണ്ടതാണ്.

വിശ്വസ്തതയോടെ,

**ടീക്കാ റാം മീണ,** ഐ.എ.എസ്,
ചീഫ് ഇലക്ടറൽ ഓഫീസർ &
അഡീഷണൽ ചീഫ് സെക്രട്ടറി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

---

Endt. on EL 27090 / 21 dt. 25/3/21
Copy forwarded to all ROs/AROs/EROs/Noal Officers for information / urgent necessary action / urgent report / with reply to petitioner / Applicant.

for District Election Officer & District Collector, Thrissur